# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

07.06.2018-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1583

### കായംകുളം ഫിഷിംഗ് ഹാർബർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ തകർന്ന പുലിമുട്ടും സിഗ്നൽ ലൈറ്റുകളുടെ അഭാവവും അപകടങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തകർന്ന പുലിമുട്ട് പുനർ നിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വിശദീകരിക്കാമോ; | (ബി) | കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി 584.32 കോടി രൂപയുടെ പദ്ധതി നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന കാര്യം 2018-19 ലെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിന് 36 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നുണ്ട്. നബാർഡ് സ്കീമിൽ ഒന്നാം ഘട്ട പദ്ധതിയിൽ 100 കോടി രൂപയുടെ പദ്ധതിയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഇതിൽ കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കേ പുലിമുട്ടിന്റെ 844 ലക്ഷം രൂപയുടെ റിപ്ലനിഷ്മെന്റ് പ്രവൃത്തിയും ഉൾപ്പെടും. |
| (സി) | പ്രസ്തുത ഹാർബറിൽ നിന്നും മത്സ്യബന്ധനത്തിന് പോകുന്ന ബോട്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ഇവിടെ പുലിമുട്ട് പുന:സ്ഥാപിച്ച് സിഗ്നൽ ലൈറ്റ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | തെക്കേ പുലിമുട്ടിന്റെ റിപ്ലനിഷ്മെന്റ് പ്രവൃത്തിയ്ക്ക് നബാർഡ്-24 പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായുള്ള 844 ലക്ഷം രൂപയുടെ പ്രോജക്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ